LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ പിഴവുകൾ

38 (1056) ശ്രീ. ജെയിംസ് മാത്യു :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. പരീക്ഷാഫല പ്രഖ്യാപനത്തിൽ പിഴവുകൾ സംഭവിച്ചതിന് കാരണം പരിശോധിച്ചിട്ടുണ്ടോ; അതിന് ഉത്തരവാദികൾ ആയവർ ആരൊക്കെയാണ് ; അവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) അന്യസംസ്ഥാനങ്ങളിൽ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ വിഷയവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) എല്ലാ വിദ്യാർത്ഥികൾക്കും യഥാസമയം സർട്ടിഫിക്കറ്റുകൾ വിതരണം നടത്തുന്നതിന് ആവശ്യമായ ക്രമീകരണം നടത്തിയിട്ടുണ്ട്.

എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിലെ പാളിച്ച

39 (1057) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പാളിച്ചകളാണ് വിദ്യാഭ്യാസ വകുപ്പിന് സംഭവിച്ചിട്ടുള്ളത് ;

(ബി) ഇത് സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരുടെയെങ്കിലും പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇനിയും ഇതുപോലുള്ള പാളിച്ചകൾ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ചില മൂല്യനിർണ്ണയ ക്യാമ്പുകളിൽനിന്നും അപ്‌ലോഡ് ചെയ്ത മാർക്കുകൾ ചില സാങ്കേതിക തകരാറുകൾമൂലം പൂർണ്ണമായി സർവ്വറിൽ ലഭിക്കാതിരുന്നതും ചില സ്കൂളുകളിൽനിന്നും ഗ്രേസ് മാർക്കുകൾ യഥാസമയം അപ്‌ലോഡ് ചെയ്യാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ ഈ വർഷത്തെ എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനത്തിൽ ചില പിഴവുകൾ ഉണ്ടായിട്ടുണ്ട്.